**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2239**

**16.08.2017 - ൽ മറുപടിക്ക്**

## സഹകരണ സംഘങ്ങൾ മുഖേന ഓണച്ചന്തകൾ

**ചോദ്യം**

**ശ്രീ.എം.സ്വരാജ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ മുഖേന ഓണച്ചന്തകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ബി) | ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഓളം ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതു വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്ക്കറ്റ് പുറത്തിറക്കുന്നുണ്ട്. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിന്റെ ഉപയോഗത്തിനുള്ള സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തും. വിലക്കുറവിനോടൊപ്പം തന്നെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ഇത്തവണത്തെ വിപണി ഇടപെടലിന്റെ സവിശേഷത.<br>കേരളത്തിലെ 941 പഞ്ചായത്തുകളിൽ 2575 ഓണചന്തകളും മുൻസിപാലിറ്റിയിലും കോർപ്പറേഷനിനുമായി 691 ഓണചന്തകളും, |

| | | | |
|---|---|---|---|
| | | | 196 ത്രിവേണികളും, 15 മൊബൈൽ ത്രിവേണികളും വഴി 3477 ചന്തകൾ സജ്ജമാകും. ഇതിൽ 213 വനിതാ സഹകരണ സംഘങ്ങളും, 60 എസ്.സി/എസ്.റ്റി സംഘങ്ങളും, 143 എംപ്ലോയീസ് സഹകരണ സംഘങ്ങളും, 91 കാർഷിക സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. ഇതുകൂടാതെ 2481 പ്രൈമറി സഹകരണ ബാങ്കുകളും, മറ്റു വിഭാഗത്തിൽപ്പെട്ട 249 സംഘങ്ങളും 29 ഫിഷർമാൻ സംഘങ്ങളും സംഘാടകരായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**